സഹസ്രസരോവർ പദ്ധതി

173 (3148) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം അസംബ്ലിമണ്ഡലത്തിൽ സഹസ്രസരോവർ പദ്ധതിയിൽ ഉൾപ്പെടുത്തി കായംകുളം ദേവികുളങ്ങര പഞ്ചായത്തിലെ ദേവികുളങ്ങര ക്ഷേത്ര കുളത്തിന്റെ പുനരുദ്ധാരണത്തിനായി നൽകിയ അപേക്ഷയിൽമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പുനരുദ്ധാരണ പ്രവർത്തനങ്ങൾ എന്നേക്ക് ആരംഭിക്കാൻ കഴിയും എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) അടുത്ത ആർ.ഐ.ഡി.എഫ്-ൽ പരിഗണിക്കുന്നതിന് സമർപ്പിക്കുവാനായി പ്രസ്തുത പദ്ധതിയുടെ പ്രോജക്ട് കേരള ലാന്റ് ഡവലപ്മെന്റ് കോർപ്പറേഷൻ തയ്യാറാക്കിവരുന്നു.

പ്ലാന്റേഷൻ കോർപ്പറേഷനിലെ ടാപ്പിംഗ് സൂപ്പർവൈസർ തസ്തികകൾ

174 (3149) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരളയിലെ അനുവദിക്കപ്പെട്ടിട്ടുള്ള ടാപ്പിംഗ് സൂപ്പർവൈസർമാരുടെ തസ്തികകൾ എത്രയാണെന്നും എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുവെന്നും വ്യക്തമാക്കാമോ ;

(ബി) ഈ തസ്തികകളിലെ നിയമനത്തിനായി 2005-ൽ അപേക്ഷ ക്ഷണിച്ച് നടത്തിയ പരീക്ഷയുടെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് എന്നാണ് പ്രസിദ്ധീകരിച്ചതെന്നും ഈ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്നും അറിയുമോ ;

(സി) പ്ലാന്റേഷൻ കോർപ്പറേഷനിൽ നിലവിൽ എത്ര പേർ കരാർ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കാലടി പ്ലാന്റേഷനിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ എത്രയെന്നും പ്രസ്തുത തസ്തികയിൽ കരാറടിസ്ഥാനത്തിൽ എത്ര പേർ പ്രവർത്തിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ ;

(ഇ) ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ ഇതിനുള്ള കാരണമെന്തെന്നും വ്യക്തമാക്കാമോ ;

(എഫ്) ഇതു സംബന്ധിച്ച കോടതിവിധി നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്നും വിശദമാക്കാമോ;

(ജി) ആശ്രിത നിയമനപ്രകാരം എത്ര പേർക്ക് നിയമനം നൽകേണ്ടതായിട്ടുണ്ടെന്നും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരളയിൽ 99 ടാപ്പിംഗ് സൂപ്പർ വൈസർ തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ 47 തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു.

(ബി) ടാപ്പിംഗ് സൂപ്പർവൈസർമാരുടെ റാങ്ക് ലിസ്റ്റ് 30-3-2007-ലാണ് പ്രസിദ്ധീകരിച്ചത്. ഈ റാങ്ക് ലിസ്റ്റിൽനിന്നും 2 പേർക്കാണ് നിയമനം നൽകിയിട്ടുള്ളത്.

(സി) പ്ലാന്റേഷൻ കോർപ്പറേഷന്റെ കാലടി ഗ്രൂപ്പിൽ കരാർ അടിസ്ഥാനത്തിൽ 8 ടാപ്പിംഗ് സൂപ്പർവൈസർമാർ ജോലിചെയ്യുന്നു.

(ഡി) ബഹു. ഹൈക്കോടതിയുടെ ഉത്തരവനുസരിച്ച് 30-3-2009 വരെ കാലടി ഗ്രൂപ്പിൽ 15 ടാപ്പിംഗ് സൂപ്പർവൈസറുടെ ഒഴിവുകൾ കണക്കാക്കിയിട്ടുണ്ട്. ഇവിടെ 8 ടാപ്പിംഗ് സൂപ്പർവൈസർമാർ കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്നു.

(ഇ) പ്രസ്തുത വിഷയം ഹൈക്കോടതിയുടെ പരിഗണനയിലായതുകൊണ്ടാണ് ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതിരുന്നത്.

(എഫ്) ബഹു. ഹൈക്കോടതിയുടെ വിധി പ്രകാരം നിയമനം നടത്തേണ്ടതായ ഒഴിവുകൾ അടുത്ത ഡയറക്ടർ ബോർഡ് യോഗത്തിൽ പരിഗണിച്ച് തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്.

(ജി) പൊതുമേഖലാ സ്ഥാപനമായ പ്ലാന്റേഷൻ കോർപ്പറേഷനിലെ ടാപ്പിംഗ് സൂപ്പർവൈസർ തസ്തികയിലേക്ക് ആശ്രിത നിയമന പ്രകാരം അപേക്ഷകൾ ഒന്നും ലഭിച്ചിട്ടില്ലാത്തതിനാൽ ആർക്കും നിയമനം നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly